**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5258** **15/11/2019 -ൽ മറുപടിക്ക്**

## കോളേജ് അധ്യാപകരുടെ ശമ്പളം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ | | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) യു.ജി.സി. നിശ്ചയിച്ച പ്രകാരമുള്ള പുതിയ സ്കെയിലിലെ ശമ്പളം 2019 ഏപ്രിൽ മുതൽ സംസ്ഥാനത്തെ കോളേജധ്യാപകർക്ക് നൽകാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ആയത് നാളിതുവരെയും നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളം ലഭ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് 29/6/2019 ലെ സർക്കാർ ഉത്തരവ് (പി) നം. 18/2019/ഉ.വി.വ, 30/9/2019 ലെ സർക്കാർ ഉത്തരവ് (പി) നം.29/2019/ഉ.വി.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ ശമ്പളം നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) പ്രസ്തുത പരിഷ്കരണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ നൽകിയ യു.ജി.സി. ഗ്രാന്റ് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത ശമ്പള പരിഷ്കരണത്തിനായി കേന്ദ്രസർക്കാർ യു.ജി.സി. ഗ്രാന്റ് സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. |
| (സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ ശമ്പളവും നാളിതുവരെയുള്ള കുടിശ്ശികയും ചേർത്ത് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | 1/1/2016 മുതൽ 31/3/2019 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് വിധേയമായും സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുസരിച്ചും പിന്നീട് തീരുമാനമെടുക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. പുതുക്കിയ ശമ്പളവും കുടിശ്ശികയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**